# കേരള കാത്തലിക്ക് ബൈബിൾ സൊസൈറ്റി
# മാർ ജോർജ്ജ് പുന്നക്കോട്ടിൽ വചനസർഗപ്രതിഭാ പുരസ്കാരം

കൊച്ചി: ദീർഘകാലം കെസിബിസി ബൈബിൾ കമ്മീഷനെയും ബൈബിൾ സൊസൈറ്റിയെയും നയിച്ച ബിഷപ് മാർ ജോർജ് പുന്നക്കോട്ടിലിന്റെ ബഹുമാനാർഥം, വചനസർഗപ്രതിഭാ പുരസ്കാരം ഏർപ്പെടുത്തുന്നു. ബൈബിൾ മേഖലയിലെ ക്രിയാത്മക സംഭാവനകൾ പ്രോത്സാഹിപ്പിക്കുന്നതിനു കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയാണു പുരസ്കാരം ഏർപ്പെടുത്തുന്നത്. 25,000 രൂപ കാഷ് അവാർഡും പ്രശംസാഫലകവുമാണ് പുരസ്കാരം. ജാതിമതഭേദമന്യേ നല്കുന്ന പുരസ്കാരത്തിനു വ്യക്തികളെയും സംരംഭങ്ങളെയും പ്രസ്ഥാനങ്ങളെയും പരിഗണിക്കും.

വിശുദ്ധഗ്രന്ഥത്തോടു പുലർത്തുന്ന നീതി, സൃഷ്ടിയുടെ മൗലികത, കാലികപ്രസക്തി, ക്രിയാത്മകത, ജനപ്രീതി, വ്യാപനം എന്നിവയായിരിക്കും അവാർഡിനുള്ള മാനദണ്ഡങ്ങൾ. ജാതിമതഭേദമന്യേ ആരും അവാർഡിനു പരിഗണിക്കപ്പെടും.

ഓരോ വർഷവും ഓരോ മേഖലയാണ് അവാർഡിനു പരിഗണിക്കുന്നത്. 2015ൽ ബൈബിൾ സാഹിത്യമാണ് പരിഗണനാമേഖല. മലയാളത്തിൽ വിരചിതമായ നോവൽ, കഥാസമാഹാരം, കവിതാസമാഹാരം, നാടകം, വിശുദ്ധനാടു യാത്രാവിവരണം എന്നിവയാണ് ഇതിൽപെടുന്നത്. അഞ്ചു വർഷത്തിനുള്ളിൽ പ്രസിദ്ധീകൃതങ്ങളായ കൃതികളേ പരിഗണിക്കപ്പെടുകയുള്ളൂ. ഒറ്റപ്പെട്ട ലേഖനങ്ങളോ കവിതകളോ അല്ല, പുസ്തകരൂപത്തിൽ പ്രസിദ്ധീകൃതമായ രചനകളാണ് സമർപ്പിക്കേണ്ടത്. പുസ്തകത്തിന്റെ 3 കോപ്പികൾ വീതം സമർപ്പിക്കേണ്ടതാണ്.

ഏപ്രിൽ 30 നു മുമ്പ് സെക്രട്ടറി കേരള കാത്തലിക് ബൈബിൾ സൊസൈറ്റി, പിഒസി, പാലാരിവട്ടം, പി.ബി നമ്പർ: 2251, കൊച്ചി - 682 025 എന്ന വിലാസത്തിലാണ് എൻട്രികൾ സമർപ്പിക്കേണ്ടത്. ഫോൺ നമ്പർ: 0484-2805897.

വരുന്ന വർഷങ്ങളിൽ പരിഗണിക്കപ്പെടുന്ന മേഖലകൾ ബൈബിൾ വിജ്ഞാനീയം (മലയാളം), ബൈബിൾ ബാലസാഹിത്യവും ബൈബിൾ ഗെയിംസും (മലയാളം), ബൈബിൾ കലകൾ (സംഗീതം, നൃത്തം (രണ്ടും മലയാളത്തിൽ), പെയിന്റിംഗ്, ശില്പകല), ബൈബിൾ സൈബർ / ഡിജിറ്റൽ സൃഷ്ടികൾ (സിനിമ, ഹ്രസ്വചിത്രങ്ങൾ, ഓഡിയോ-വീഡിയോ ഗെയിംസ്, വെബ്സൈറ്റ്, ബ്ലോഗ്, ആനിമേഷൻ, ആപ്ലിക്കേഷൻസ്) എന്നിവയാണെന്നു കേരള കാത്തലിക് ബൈബിൾ സൊസൈറ്റി സെക്രട്ടറി റവ. ഡോ. ജോഷി മയ്യാറ്റിൽ അറിയിച്ചു.

കോതമംഗലം രൂപതാ കാര്യാലയവും പുന്നക്കോട്ടിൽ കുടുംബാംഗങ്ങളും സംയുക്തമായാണ് മാർ ജോർജ് പുന്നക്കോട്ടിൽ വചനസർഗപ്രതിഭാ പുരസ്കാരത്തിനുള്ള എൻഡോവുമെന്റു തുക സംഭാവന ചെയ്തിട്ടുള്ളത്.